# കേരള സർവകലാശാല

നം. പി.ആർ.064/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### യോഗ പരിശീലനം

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷന്റെ ആഭിമുഖ്യത്തിൽ മാസം തോറും സംഘടിപ്പിച്ചു വരുന്ന യോഗ പരിശീലന പരിപാടിയുടെ ഏപ്രിൽ മാസത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷ ഫോം ജി.വി.രാജ പവലിയനിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഓഫീസിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2306485/8921507832.

### ദേശീയ സെമിനാർ

കേരള സർവകലാശാല പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 27,28,29 തീയതികളിൽ 'രാഷ്ട്രം, വികസനം, പൗരത്വം' എന്ന വിഷയത്തിൽ ബോട്ടണി പഠനവകുപ്പ് സെമിനാർ ഹാളിൽ നടത്തുന്ന ത്രിദിന ദേശീയ സെമിനാർ പ്രശസ്ത സാമ്പത്തിക വിദഗ്ധൻ പ്രൊഫ. പ്രഭാത് പട്നായിക് ഉദ്ഘാടനം ചെയ്യും. ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി അദ്ധ്യാപകനും പ്രശസ്ത പൗരസ്വാതന്ത്ര്യപ്രവർത്തകനുമായ പ്രൊഫ. ഹർഗോപാൽ മുഖ്യപ്രഭാഷണം നടത്തും.പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447129451 (സെമിനാർ കോ-ഓർഡിനേറ്റർ)

### എം.ബി.എ സപ്ലിമെന്ററി പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം മെയ് എട്ട് മുതൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ ഏഴ് (50 രൂപ പിഴയോടെ ഏപ്രിൽ 11, സൂപ്പർഫൈനോട് കൂടി ഏപ്രിൽ 17) വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല മാർച്ച്/ഏപ്രിലിൽ നടത്തുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം-2008 സ്കീം) റെഗുലർ / സപ്ലിമെന്ററി പരീക്ഷയുടേയും ഏഴാം സെമസ്റ്റർ 2008 സ്കീം കോഴ്സ് കോഡിൽ വരുന്ന എട്ടാം സെമസ്റ്റർ, ആറാം സെമസ്റ്റർ,അഞ്ചാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് പരീക്ഷയുടേയും പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി. പരീക്ഷ

കേരള സർവകലാശാലയുടെ ഏപ്രിൽ 19-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ (2015-2017)(സി.എസ്.എസ്) പി.ജി. പരീക്ഷക്ക് പിഴകൂടാതെ ഏപ്രിൽ മൂന്നിനും

(50 രൂപ പിഴയോടെ ഏപ്രിൽ അഞ്ച്, 125 രൂപ പിഴയോടെ ഏപ്രിൽ ആറ്) വരെയും അപേക്ഷിക്കാം.

## ദേശീയ സെമിനാർ

കേരള സർവകലാശാല എക്കണോമിക്സ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 29,30,31 തീയതികളിൽ 'ആദിവാസീസ് ഇൻ കേരള: ദ ഡവലപ്മെന്റ് ക്വസ്റ്റ്യൻ' എന്ന വിഷയത്തിൽ നടത്തുന്ന ത്രിദിന ദേശീയ സെമിനാർ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള വൈസ് ചാൻസിലർ പ്രൊഫ. ജി.ഗോപകുമാർ ഉദ്ഘാടനം ചെയ്യും. കേരള പ്ലാനിംഗ് ബോർഡ് അംഗം ഡോ.കെ.രവി രാമൻ മുഖ്യപ്രഭാഷണം നടത്തും.

തിരുവനന്തപുരം.
24.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098